**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6674** **11-11-2021 - ൽ മറുപടിയ്ക്ക്**

**കാൽനട യാത്രക്കാർക്ക് സുരക്ഷിതയാത്ര**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കാൽനട യാത്രക്കാർ അപകടങ്ങളിൽ പെടുന്നത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവർക്ക് സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനും അവകാശങ്ങൾ സംരക്ഷിയ്ക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; ആയതിനായി പ്രത്യേക നടപടികൾ സ്വീകരിയ്ക്കുന്ന കാര്യം ഗൗരവമായി പരിഗണിയ്ക്കുമോ; | (എ) | പൊതു നിരത്തുകളിൽ കാൽനട യാത്രികർക്കായി ഒരുക്കിയിട്ടുള്ള ഫുഡ്പാത്ത്, സീബ്ര ക്രോസിംഗ് തുടങ്ങിയവ കയ്യേറി അനധികൃതമായി വാഹനം പാർക്ക് ചെയ്യുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. റോഡു സുരക്ഷാ ബോധവൽക്കരണ പരിപാടികളിൽ കാൽനട യാത്രികരുടെ സുരക്ഷിതത്വം കണക്കിലെടുത്ത് നിരത്തുകളിൽ വാഹനം ഉപയോഗിക്കുന്നതിന് ഡ്രൈവർമാർക്ക് നിർദ്ദേശം നൽകാറുണ്ട്. W.P.(C) No. 11886/2021 നമ്പർ കേസിൽ ബഹു.കേരള ഹൈക്കോടതിയുടെ 08.06.2021 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കാൽനടയാത്രികരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി പൊതുനിരത്തുകളിൽ കാൽനടയാത്രികർക്ക് തടസ്സം സൃഷ്ടിക്കുന്ന വസ്തുക്കൾ നീക്കം ചെയ്യുന്നതിന് 'ഓപ്പറേഷൻ ക്ലിയർ പാത്ത്' എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയും, പ്രസ്തുത ഡ്രൈവിൽ കാൽനട യാത്രികർക്ക് തടസ്സമാകുന്ന തരത്തിൽ ഫുട്പാത്തിലെ അനധികൃത കയ്യേറ്റം (കച്ചവടം), റോഡരുകിൽ ഉപേക്ഷിക്കപ്പെട്ടിട്ടുള്ള വാഹനം, റോഡരുകിൽ കൂട്ടിയിട്ടിരിക്കുന്ന മരത്തടികൾ പോലുള്ള വസ്തുക്കൾ, ഫുഡ്പാത്തിൽ സ്ഥാപിച്ചിട്ടുള്ള നോട്ടീസ് / പരസ്യ ബോർഡുകൾ, റോഡരുകിൽ കൂട്ടിയിട്ടിട്ടുള്ള മെറ്റൽ, സിമന്റ് വേസ്റ്റുകൾ തുടങ്ങിയവ യൊക്കെ നീക്കം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയുമുണ്ടായി. തുടർന്നും ഇത്തരം നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കാൽനടയാത്രക്കാരുടെ പരാതികൾ പരിഹരിക്കുന്നതിന് ഏതെങ്കിലും പ്രത്യേക അതോറിറ്റി നിലവിലുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ